ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിൽ ചില പഞ്ചായത്തുകളിൽ വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വിജ്ഞാപനങ്ങൾ, 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ള വിജ്ഞാപനങ്ങൾ. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഇറക്കുന്ന സർക്കുലറുകൾ എന്നിവയാണ് കേന്ദ്ര സർക്കാർ ഈ പദ്ധതി നടപ്പിലാക്കുന്നതിന് നൽകിയിട്ടുള്ളത്.

(സി) മസ്റ്റർറോൾ പ്രകാരം പണിയെടുത്തിട്ടുള്ള തൊഴിൽ കാർഡ് ഉടമകൾക്ക് പണിയുടെ അളവെടുത്ത് ബിൽ തയ്യാറാക്കിയാണ് കൂലി നൽകുന്നത്. ഓരോ തൊഴിലാളിയുടെയും വേതനം സ്വന്തം പേരിൽ ബാങ്കിൽ തുടങ്ങിയിട്ടുള്ള അക്കൗണ്ടിലേയ്ക്ക് പണി ചെയ്ത ദിവസങ്ങളുടെ കൂലി കണക്കാക്കി നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. തൊഴിലാളികൾക്ക് ഈ അക്കൗണ്ടിൽ നിന്നും യഥേഷ്ടം സംഖ്യ പിൻവലിക്കാം.

(ഡി) ഉണ്ട്. അക്കൗണ്ടന്റ് ജനറൽ, ലോക്കൽ ഫണ്ട് ആഡിറ്റ് എന്നിവ നടത്തുന്നുണ്ട്. കൂടാതെ കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടിന്റെ ഓഡിറ്റും സോഷ്യൽ ആഡിറ്റ് പ്രകാരം സാമൂഹ്യ ഓഡിറ്റും നടത്തുന്നുണ്ട്.

(ഇ) നിയമത്തിന്റെ പട്ടിക 1 (1) ഡി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗക്കാർ, ഭൂപരിഷ്കരണംമൂലം സ്ഥലം ലഭിച്ചവർ, ഇന്ദിരാ ആവാസ് യോജനയുടെ ഗുണഭോക്താക്കൾ എന്നിവരുടെ സ്വകാര്യ ഭൂമിയിലും നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ 5 ഏക്കർ വരെയുള്ള ചെറുകിട നാമമാത്ര കർഷകരുടെ സ്വകാര്യ ഭൂമിയിലും ജലസേചന സൗകര്യം, ഭൂവികസനം, ഹോർട്ടികൾച്ചർ എന്നീ പണികൾ നടത്തുന്നത് ചട്ടപ്രകാരമാണ്.

തൊഴിലുറപ്പ് പദ്ധതിയിൽ 35 ലക്ഷത്തിലധികം തുക ചെലവഴിച്ച പഞ്ചായത്തുകൾ

142 (4766) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമ വികസന കമ്മീഷണർ എന്തൊക്കെ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട് ; പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ 2009-10 സാമ്പത്തിക വർഷം എത്ര പഞ്ചായത്തുകൾ 35 ലക്ഷത്തിലധികം തുക ചെലവഴിച്ചു ;

(സി) പ്രസ്തുത പഞ്ചായത്തുകൾ ഏതൊക്കെയാണെന്നും ഏതൊക്കെ പ്രവർത്തികൾക്കാണ് പണം ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ ;

(ഡി) എല്ലാ പഞ്ചായത്തുകളും 35 ലക്ഷം രൂപ ചെലവഴിക്കണം എന്ന് നിർദ്ദേശമുണ്ടോ ;

(ഇ) 12 വാർഡുകളുള്ള പഞ്ചായത്തുകളും 22 വാർഡുകളുള്ള പഞ്ചായത്തുകളും ഓരേപോലെ ഫണ്ട് ചെലവഴിക്കണം എന്ന നിർദ്ദേശം എത്രത്തോളം പ്രായോഗികമാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഗ്രാമ വികസന കമ്മീഷണറുടെ ഉത്തരവ് പ്രകാരം 35 ലക്ഷം രൂപ ചെലവഴിക്കാത്ത എത്ര പഞ്ചായത്തുകളിലെ കമ്പ്യൂട്ടർ ഓപ്പറേറ്റർമാരെ ഏപ്രിൽ മാസം മുതൽ ഒഴിവാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ജി) കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ നിർദ്ദേശമനുസരിച്ചാണോ ഈ ഉത്തരവ് ഇറക്കിയതെന്നും ഇവരെ ഒഴിവാക്കിയതെന്നും വ്യക്തമാക്കാമോ ;

(എച്ച്) ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉത്തരവുകൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(ബി) 464 ഗ്രാമപഞ്ചായത്തുകൾ 35 ലക്ഷത്തിലധികം തുക ചെലവഴിച്ചിട്ടുണ്ട്.

(സി) പഞ്ചായത്തുകളുടെ പേര് അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.* മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക ഒന്നിൽ അനുവദനീയമായ എട്ടിനം പ്രവർത്തികളാണ്. (പ്രവൃത്തികളുടെ പട്ടിക അനുബന്ധം * 3-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. * പ്രസ്തുത പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുള്ളത്.

(ഡി) ഇല്ല.

(ഇ) എല്ലാ പഞ്ചായത്തുകളും ഒരേപോലെ തുക ചെലവഴിക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് ഭരണചെലവ് ആകെ ചെലവിന്റെ 6%-ൽ അധികരിക്കുവാൻ പാടില്ല. ഒരു പഞ്ചായത്തിൽ (ചെറുതായാലും വലുതായാലും) ഒരു അക്രഡിറ്റഡ് എഞ്ചിനീയർക്കും ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്കും, ശമ്പളമിനത്തിൽ തന്നെ 1,90,000 രൂപയും യാത്രപ്പടിയും മറ്റു ഭരണ ചെലവുകൾക്കുമായി 20,000

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

രൂപയുംഅടക്കം കുറഞ്ഞതു 2.1 ലക്ഷം രൂപ വേണ്ടി വരും. 35 ലക്ഷം രൂപ ഒരു ഗ്രാമപഞ്ചായത്തിൽ ചെലവഴിച്ചാൽ മാത്രമേ അതിന്റെ 6 ശതമാനം തുക യായ 2.1 ലക്ഷം രൂപ ഭരണ ചെലവായി ലഭിക്കുകയുള്ളു, അതുകൊണ്ട് ചെലവ് കുറഞ്ഞ പഞ്ചായത്തുകളിൽ ജോലിഭാരം താരതമ്യേന കുറവായിരിക്കും എന്നതുകൊണ്ട് ഡേറ്റാ എൻട്രി ഓപ്പറേറ്ററെ ഏപ്രിൽ 1 മുതൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കേണ്ടതില്ലായെന്നും അവരെ തന്നെ ജോലിയുടെ തോതനുസരിച്ച് ദിവസ വേതന അടിസ്ഥാന ത്തിൽ നിയമിക്കേണ്ടതാണെന്നും ഗ്രാമവികസന കമ്മീഷണർ നിർദ്ദേശം നൽകി യിട്ടുണ്ട്.

(എഫ്) ആരെയും ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല. കരാർ നിയമനം പിൻവലിച്ച് ദിവസ വേതന അടിസ്ഥാനത്തിൽ തുടരാൻ അനുവദിച്ചിട്ടുണ്ട്.

(ജി) കേന്ദ്ര സർക്കാരിന്റെ ഭരണ ചെലവ് സംബന്ധിച്ച നിബന്ധനകൾ പാലിക്കുന്നതിന് സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ തീരുമാന മനുസരിച്ചാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(എച്ച്) പഞ്ചായത്തുകളുടെ പദ്ധതി ചെലവ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ചെറുകിട കർഷകരുടെ കൃഷിയിടങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സേവനം

143 (4767) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കു ന്നതിനായി ചെറുകിട നാമമാത്ര കർഷകരുടെ സ്വകാര്യ കൃഷിയിടങ്ങളി ലേയ്ക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സേവനം ലഭ്യമാക്കുന്ന തിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കർഷകരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഏതു തരത്തിലുള്ള പ്രവർത്തികളാണ് പ്രസ്തുത കൃഷിയിടങ്ങളി ലേയ്ക്ക് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 5 ഏക്കർ വരെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകരുടെ സ്വകാര്യ ഭൂമി യിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ജലസേചനം, ഭൂവികസനം, ഹോൾട്ടികൾച്ചർ എന്നീ പ്രവൃത്തികൾ ചെയ്യുന്നതിന് ഇതിനകം അനുവാദം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly